കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണ്ണമ്പ്ര ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-പികെഡി10/231/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി – 28.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

കണ്ണമ്പ്ര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കണ്ണമ്പ്ര ഗ്രാമപഞ്ചായത്ത് - 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും 3ലെയും ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ മുഖേന)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി10/231/2017 തീയതി – 28.01.2017

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.08.2016 മുതൽ 22.11.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മാത്രമാണ് ഓഡിറ്റ് ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ. വാസുദേവൻ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.11.2016 മുതൽ 02.12.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | എസ്.പ്രേമാനന്ദ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീജിത്ത്. ടി | ഓഡിറ്റർ |
| | കാർത്തിക. പി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | രമണി വിജയൻ | 01.04.15 മുതൽ 31.10.16 വരെ |
| | റജിമോൻ. ഡി | 01.11.15മുതൽ 31.03.16 വരെ |

| | | |
|---|---|---|
| സെക്രട്ടറി | കെ.ഡി.ഹരേഷ് | 01.04.15 മുതൽ 27.07.15 വരെ |
| | ജോൺ ഗോട്ടിക്ക് ഗ്രീക്ക് (ഇൻ ചാർജ്ജ്) | 28.07.15 മുതൽ 29.07.15 വരെ |
| | ദിനേഷ്. കെ | 30.07.15മുതൽ 31.03.16 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | കെ.കെ. ജയൻ<br>നീതു ചന്ദ്രൻ | 01.04.15 മുതൽ 30.11.15 വരെ<br>31.12.15മുതൽ 31.03.16വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വത്സല ദേവി<br>എ.ജി. കുമാരി<br>സാദിക. കെ | 01.04.15 മുതൽ 06.08.15 വരെ<br>07.08.15 മുതൽ 11.10.15 വരെ<br>12.10.15 മുതൽ 31.03.16 വരെ |
| സീനിയർ വെറ്ററിനറി സർജൻ | കെ.ജി. ലത | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | സന്തോഷ്. കെ.കെ | 01.04.15 മുതൽ 31.03.16 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | റെമിൻ ആൽഫ്രഡ് | 01.04.15 മുതൽ 31.03.16 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | വിനോദ്. ഇ.കെ | 01.04.15 മുതൽ 31.03.16വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ദിനേഷ്. കെ<br>ഒഴിവ്<br>കിൻസ് ബോയ്. ടി | 01.04.15 മുതൽ 30.07.15വരെ<br>1.8.15 മുതൽ 24.8.16 വരെ<br>25.08.15 മുതൽ 31.03.16വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | റോബി. എസ് | 01.04.15 മുതൽ 31.03.16 വരെ |
| ഹെഡ് മിസ്ട്രസ് | സുധ. എൻ | 01.04.15 മുതൽ 31.03.16 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |

| | | |
|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ | 1-7 |
| 8 | തനത് വരുമാനം | 1-8 |
| 9 | ക്ഷേമപദ്ധതികൾ | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം. | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം 2 | |
| 13 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്. | 2-1 |
| 14 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 2-2 |
| 15 | പരസ്യനികുതി പിരിച്ചെടുക്കേണ്ടതാണ് | 2-3 |
| 16 | ലേലം നടപടി കാര്യക്ഷമമാക്കേണ്ടതാണ്. | 2-4 |
| 17 | ഷോപ്പിംഗ് കോംപ്ലക്സ് വാടക -ബൈലോ തയ്യാറാക്കിയിട്ടില്ല | 2-5 |
| 18 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ് | 2-6 |
| | ഭാഗം 3 | |
| 16 | തെരുവു വിളക്കുകളുടെ പരിപാലനം - അധിക വൈദ്യുതചാർജ്ജ് നൽകുന്നു. | 3-1 |
| 17 | പൊതു ടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധന നടത്തണം. | 3-2 |
| 18 | ഭവന നിർമ്മാണ പദ്ധതി - ഗുണഭോക്താവിന് തുക കൈമാറിയിട്ടില്ല. | 3-3 |
| 19 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര വയ്ക്കൽ- ചെലവ് ബുക്ക് ചെയ്തെങ്കിലും തുക ഗുണഭോക്താവിന് കൈമാറിയിട്ടില്ല. | 3-4 |
| 20 | ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ച പദ്ധതി പണം - കൈമാറുന്നതിൽ കാലതാമസം | 3-5 |
| 21 | ആശ്രയ - പദ്ധതി നടത്തിപ്പിനായി സി.ഡി.എസിന് കൈമാറിയ തുക ചെലവാക്കിയിട്ടില്ല. | 3-6 |
| 22 | ആശ്രയ പദ്ധതി-പ്രവർത്തനം കാര്യക്ഷമമല്ല. | 3-7 |
| 23 | കുടുംബശ്രീ യൂനിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്.തുക വിതരണം ചെയ്തിട്ടില്ല. | 3-8 |
| 24 | കുഴൽക്കിണറുകൾക്കു പകരം തുറന്ന കിണറിന്റെ സാധ്യത പരിശോധിക്കണം. | 3-9 |
| 25 | വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുന്ന പദ്ധതികൾ വനിതകളുടെ സാമൂഹിക-സാമ്പത്തിക പദവി ഉയർത്തുന്നതിന് ഉതകുന്നതാകണം. | 3-10 |

| | | |
|---|---|---|
| 26 | പഞ്ചായത്ത് ഓഫീസ് നവീകരണം- കെട്ടിട നിർമ്മാണം പൂർത്തീകരിക്കണം. | 3-11 |
| 27 | എഞ്ചിനീയറിങ് വിഭാഗം- ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. | 3-12 |
| | ഭാഗം 4 | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016 ലെ പുതുക്കിയ ബജറ്റ് 29.02.2016 തിയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2015 | 29.07.2016 | ബാധകമല്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 17600852

വരവ് - 44527325

ആകെ - 62128177

ചെലവ് - 52053132

നീക്കിയിരിപ്പ് - 10075045

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2762935 | 9060433 | 11823368 | 11823368 | 0 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1067829 | 5076288 | 6144117 | 6144117 | 0 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 5000 | 5000 | 5000 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 23206 | 6903288 | 6926494 | 6926494 | 0 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 18525 | 2858049 | 2876574 | 2876574 | 0 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1519126 | 5633027 | 7152153 | 5264861 | 1887292 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 2988139 | 1647613 | 4635752 | 2986613 | 1649139 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 10360 | 18218636 | 18228996 | 18227496 | 0 | 1500 |
| ബി ഫണ്ട് | 0 | 30686907 | 30686907 | 30686907 | 0 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 130 | 44904388 | 113 | 37486171 | 6 | 11 | 86.92 |

# 1-7 പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഒന്നുമില്ല.

# 1-8 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 11.83ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4572482 | 3908269 | (-) 664213 | -14.53% |
| നികുതിയേതര വരവുകൾ | 515661 | 641256 | (+) 125595 | +24.36% |
| മറ്റുവരവുകൾ | - | - | - | - |
| ആകെ | 5088143 | 4549525 | (-)538618 | -10.59% |

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 221640 | 131 |
| കർഷകതൊഴിലാളി പെൻഷൻ | 7091130 | 8801 |
| വിധവാപെൻഷൻ | 9706240 | 9166 |
| വാർദ്ധക്യകാലപെൻഷൻ | 10308390 | 12102 |
| വികലാംഗപെൻഷൻ | 2179365 | 2111 |
| സ്പിൻസ്റ്റേർസ് പെൻഷൻ | 421040 | 397 |

## 1-10 ക്യാഷ് ബാലൻസ് പരിശോധന

പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപ്പഞ്ചായത്തിന്റെ 2015-16 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.11.2016 തിയ്യതിയിൽ 2.30 മണിക്ക് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 9049/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തര നിയന്ത്രണം.

കുടിശിക നികുതി പിരിച്ചെടുക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതാണ്. ഗ്രാമപ്പഞ്ചാടത്ത് നൽകുന്ന സേവനങ്ങളിൻമേൽ സേവന നികുതി ഈടാക്കുന്നതിനും തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനും

താത്പര്യമെടുക്കേണ്ടതാണ്. ഡി.&ഒ ലൈസൻസ്, നികുതികൾ, ഫീസുകൾ, വാടക തുടങ്ങിയ പിരിച്ചെടുക്കേണ്ട അവകാശം ലേലം മുഖേന നൽകുന്ന ഇനങ്ങൾ എന്നിവയുടെ ബൈലോ തയ്യാറാക്കി സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-11-2016 | 10/2016 | 21-10-2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 27-06-2008 | 2007-2008 | LBA (hq) / IV/ 8A-1299/146 dt 04-08-2008 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്

കണ്ണമ്പ്ര ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം. /കെട്ടിട നം. | വാർഡിന്റെ പേര് | ടവറിന്റെ ഉടമ | ഈടാക്കേണ്ട വസ്തുനികുതി / കുടിശ്ശിക വർഷം | വസ്തുനികുതി കുടിശ്ശിക (31-03-2016 വരെ) |
|---|---|---|---|---|---|
| 1 | XII/554 | പന്നലാംപാടം | ms.Indus Towers Limited | 21840 (new)<br>20790(old)<br>2013-14<br>2014-15<br>2015-16 | 1*21840+2100 (2013-14, 2014-15 ൽ 20790 രൂപ വീതം അടച്ചിട്ടുണ്ട് )<br>= 23940 |
| 2 | II/411A(old) | കൊട്ടേക്കാട് | Idea Mobile | 1815<br>2014-15<br>2015-16 | 2*1815=3630 |
| 3 | V/93 | പുളിങ്കൂട്ടം | BSNL | 205(old)<br>513(new)<br>2011-12<br>2012-13 | 2*205+3*513 = 1949 |

| | | | | | |
|---|---|---|---|---|---|
| | | | | 2013-14<br>2014-15<br>2015-16 | |
| 4 | VII/ 624(old) | പുളിങ്കൂട്ടം | Indus Towers | 137<br>2014-15<br>2015-16 | 2*137 = 274 |
| ആകെ | | | | | 29793 |

GO(Rt)No.2640/12/LSGD തിയതി 19-9-2012 പ്രകാരം ബി.എസ്.എൻ.എൽ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നതിന് ഉത്തരവായിട്ടുണ്ട്.മേൽ സൂചിപ്പിച്ച ബി. എസ്. എൻ. എൽ ടവർ ഉൾപ്പെടെയുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

2015-16 സാമ്പത്തിക വർഷം ബി. എസ്. എൻ. എൽ, വടക്കഞ്ചേരി എന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി , പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബത്‌ലഹേം നഴ്സറി സ്കൂളിലെ ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-3 പരസ്യനികുതി പിരിച്ചെടുക്കേണ്ടതാണ്

2015-16 സാമ്പത്തിക വർഷം പരസ്യ നികുതി പിരിച്ചെടുക്കുന്നതിനായി 25-03-15 തിയതിയിൽ ലേലം നടത്തിയതിൽ രണ്ട് പേർ പങ്കെടുത്തെങ്കിലും ലേലം വിളിച്ചിട്ടില്ല. 31-03-15 തിയതിയിൽ പുനർലേലം നടത്തിയതിൽ ആരും പങ്കെടുത്തതായി കാണുന്നില്ല.2014-15 സാമ്പത്തിക വർഷം ഈയിനത്തിൽ 70,000/- രൂപ വരവുണ്ട്. 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ പരസ്യ നികുതി ഇനത്തിൽ വരവായി 100, 000/- രൂപ വകയിരുത്തി പഞ്ചായത്ത് പരിധിയിൽ പരസ്യങ്ങൾ സ്ഥാപിക്കുന്നതിന് പരസ്യ നികുതി ഈടാക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ പരസ്യ നികുതി ഈടാക്കുന്നതിന് തുടർ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.തുടർന്നുള്ള വർഷങ്ങളിൽ ടി ഇനത്തിലുള്ള വരുമാനം ഉറപ്പാക്കുന്നതിന് ഭരണ സമിതിയും ഉദ്യോഗസ്ഥരും കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. 2015-16 വർഷത്തിൽ പരസ്യങ്ങൾ പ്രദർശിപ്പിച്ചിട്ടുമുണ്ട് എന്നുകൂടി ശ്രദ്ധയിൽപ്പെടുത്തുന്നു.

നാളിതു വരെ പരസ്യ നികുതി പിരിക്കുന്നതിന് ബൈലോ തയ്യാറാക്കിയിട്ടില്ല. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-4 ലേലം നടപടി കാര്യക്ഷമമാക്കേണ്ടതാണ്

മത്സ്യം വളർത്തുന്നതിന് പഞ്ചായത്ത് അധീനതയിലുള്ള വിവിധ കുളങ്ങൾ ലേലം ചെയ്ത വകയിൽ 2014-15 സാമ്പത്തിക വർഷം 20,100/- രൂപ വരവുണ്ട്. 2015-16 സാമ്പത്തിക വർഷം ലേലം നടത്തിയതായി കാണുന്നില്ല. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന്, പ്രദേശവാസികളുടെ പരാതിയെ തുടർന്നാണ് ലേലം നടത്താതിരുന്നത് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. എന്നാൽ മിനിട്സ് പരിശോധിച്ചതിൽ ഭരണ സമിതി ടി വിഷയം ചർച്ച ചെയ്യുകയോ

ലേലം നടത്തേണ്ട എന്ന തീരുമാനം രേഖപ്പെടുത്തിയതായോ കാണുന്നില്ല. പരാതിയുടെ നിജ സ്ഥിതി പരിശോധിക്കേണ്ടതാണ്. മത്സ്യം വളർത്തൽ സാധ്യമാകുന്ന കുളങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഷോപ്പിംഗ് കോംപ്ലക്സ് വാടക -ബൈലോ തയ്യാറാക്കിയിട്ടില്ല

വർഷങ്ങളായി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകുന്നുണ്ടെങ്കിലും നാളിതുവരെ വാടകയ്ക്ക് നൽകുന്നതുമായി ബന്ധപ്പെട്ട ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടില്ല. ജി. ഒ(എം. എസ്)നം. 105/97തസ്വഭവ വിജ്ഞാപന പ്രകാരം ഗ്രാമപഞ്ചായത്തുകൾ പാസ്സാക്കുന്ന ബൈലോ അംഗീകരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 24/07/04ലെ സി. 5/17031/04 കത്ത് പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഗ്രാമപഞ്ചായത്തിന് അയച്ചു തന്നിരുന്ന മാതൃകാ ബൈലോ കൈപ്പറ്റി നിയമാനുസരണം നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ബൈലോ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 2-6 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത്ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഡെപ്പോസിറ്റുകൾ മൂന്നു വർഷ കാലാവധി കഴിഞ്ഞിട്ടും തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടില്ല.

| വർഷം | ഡെപ്പോസിറ്റ് തുക |
|---|---|
| 2009-10 | 53358 |
| 2010-11 | 13825 |
| 2011-12 | 3794 |
| 2012-13 | 26000 |
| ആകെ | 96977 |

മൂന്നു വർഷത്തെ കാലാവധി കഴിഞ്ഞിട്ടും തിരികെ നൽകാത്ത ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവു വിളക്കുകളുടെ പരിപാലനം - അധിക വൈദ്യുതചാർജ്ജ് നൽകുന്നു

കണ്ണമ്പ്ര ഗ്രാമ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് അധിക വൈദ്യതചാർജ്ജ് നൽകുന്നതായികാണുന്നു. പഞ്ചായത്തിലെ നിലവിലുള്ള ഓർഡിനറി ബൾബുകളെല്ലാം മാറ്റി പകരം സി.എഫ്.എൽ ലാമ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇപ്പോഴും ഓർഡിനറി ബൾബുകൾ ഉപയോച്ചതിന്റെ ചാർജ്ജാണ് കെ.എസ്.ഇ.ബി ഈടാക്കുന്നത്.

കെ.എസ്.ഇ.ബി യുടെ കണക്ക് പ്രകാരം പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ എണ്ണവും നിരക്കും താഴെ കൊടുക്കുന്നു.( NO:BB/PKD/SL/2015-16/54, Dated 15-01-2016)

| ഇനം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| ഓർഡിനറി ബൾബ് 40 W | 480 | 61 | 29280 |
| ഓർഡിനറി ബൾബ് 60 W | 182 | 94 | 17108 |
| ഫ്ലൂറസെന്റ് ട്യൂബ് Single-40W | 8 | 61 | 488 |
| ഫ്ലൂറസെന്റ് ട്യൂബ് Double - 40 W | 285 | 124 | 35340 |
| സോഡിയം വേപ്പർ ലാമ്പ് -250W | 37 | 414 | 15318 |
| ആകെ | | | 97534 |

മേൽ പട്ടിക പ്രകാരം 662ഓർഡിനറി ബൾബ് പോയിന്റുകളാണ് പഞ്ചായത്തിൽ ആകെയുള്ളത്. ഇതിൽ 500 എണ്ണത്തിനെ 21-12-15(ബിൽ നമ്പർ 752/15-16/1-1-16) ന് ക്രൂസ് മുഖാന്തരം 14 വോൾട്ട് സി.എഫ്.എൽ ലാമ്പ് ആക്കിമാറ്റിയിട്ടുണ്ട്. 1-4-2016 ന്(ബിൽ നമ്പർ 1062/15-16/28-3-16) ബാക്കി 162 ഓർഡിനറി ബൾബുകളും മാറ്റി സി.എഫ്.എൽ ലാമ്പ് ആക്കിയിട്ടുണ്ട്. എന്നാൽ ഈ മാറ്റങ്ങൾ വൈദ്യുതിചാർജ്ജിനത്തിൽ പ്രതിഫലിച്ചുകാണുന്നില്ല. 1/2016മുതൽ 11/2016 വരെയുള്ള വൈദ്യുതിചാർജ്ജിനത്തിൽ 662 ഓർഡിനറി ബൾബ് ഉപയോഗിച്ചതിന്റെ നിരക്കായ 46,388/-രൂപ തന്നെയാണ് പ്രതിമാസം ഈടാക്കിയിട്ടുള്ളത്. ഇത് യഥാർത്ഥത്തിൽ അടക്കേണ്ടതിനെക്കാൽ വളരെ വലിയ തുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | പ്രതിമാസ നിരക്ക് | തുക |
|---|---|---|---|
| ഓർഡിനറി ബൾബ് 40 W | 480 | 61 | 29280 |
| ഓർഡിനറി ബൾബ് 60 W | 182 | 94 | 17108 |
| ആകെ | 662 | | 46,388 |
| 14 വോൾട്ട് സി.എഫ്.എൽ ലാമ്പ് | 662 | 9 | 5958 |
| വ്യത്യാസം | | | 40,430 |

പ്രതിമാസം 40,430/- രൂപ ഈ ഇനത്തിൽ മാത്രമായി കെ എസ് ഇ ബി ക്ക് അധികമായി നൽകുന്നുണ്ട്. കഴിഞ്ഞ 11മാസത്തിൽ ഇത്തരത്തിൽ അധിക ചാർജ്ജ് നൽകിയഇനത്തിൽ 4,44,730/- രൂപയോളം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതി അടിയന്തിരമായി ഇടപെടേണ്ടതും കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധനനടത്തി വൈദ്യുതിചാർജ്ജ് പുനക്രമീകരിക്കേണ്ടതുമാണ്.

## 3-2 പൊതു ടാപ്പുകളുടെ വെള്ളക്കരം സംയുക്ത പരിശോധന നടത്തണം.

പൊതു ടാപ്പുകളുടെ വെള്ളക്കരം അടക്കുന്നതുമായി ബന്ധപ്പെട്ട് 2015-16 സാമ്പത്തിക വർഷത്തിൽ 17,22,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 12-10-2011 നാണ് അവസാനമായി സംയുക്ത പരിശോധന നടത്തി കാണുന്നത്. ടി പരിശോധനപ്രകാരമുള്ള 328 ടാപ്പുകൾക്കാണ് ഇപ്പോഴും കരം ഒടുക്കിക്കൊണ്ടിരിക്കുന്നത്. ഇത്രയും ടാപ്പുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് വെള്ളക്കരം കൃത്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പൊതുടാപ്പുകൾ ക്രമമായി കുറച്ചുകൊണ്ടു വന്ന് ഗാർഹിക കണക്ഷൻ വർദ്ധിപ്പിക്കേണ്ടതാണ്.

## 3-3 ഭവന നിർമ്മാണ പദ്ധതി - ഗുണഭോക്താവിന് തുക കൈമാറിയിട്ടില്ല.

| പ്രൊജക്ടിന്റെ പേര് | നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|---|
| ഭവന നിർമ്മാണ പദ്ധതി - പട്ടികജാതി വിഭാഗം | 133/16 | 17/19-3-16<br>18/26-3-16 | 60,000<br>30,000 |

2015-16 വർഷത്തിൽ ടി പദ്ധതി ഇനത്തിൽ 3 ഗുണഭോക്താക്കൾക്കായി 30,000/- രൂപ വച്ച് ആദ്യ ഗഡു നൽകുന്നതിനായി 90,000/- രൂപ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും അത് ചെലവായി ബുക്ക് ചെയ്തിട്ടുമുണ്ട്. എന്നാൽ ടി തുകയിൽ നിന്നും 60,000/- രൂപ മാത്രമേ ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുള്ളൂ. 30,000/- രൂപ ഗുണഭോക്താവായ ശ്രീ ശിവദാസൻ വി, മഞ്ഞപ്ര എന്നവർക്ക് കൈമാറാനായി ഡി.ഡി (450784 dt.21-3-16) എടുത്തിട്ടുണ്ടെങ്കിലും അത് നൽകിയതായി കാണുന്നില്ല. അടിയന്തിരമായി ടി തുക കൈമാറാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മേൽക്കൂര മാറ്റി പുതിയ മേൽക്കൂര വയ്ക്കൽ- ചെലവ് ബുക്ക് ചെയ്തെങ്കിലും തുക ഗുണഭോക്താവിന് കൈമാറിയിട്ടില്ല.

| പ്രൊജക്ടിന്റെ പേര് | നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|---|
| മേൽക്കൂര മാറ്റി പുതിയ മേൽക്കൂര വയ്ക്കൽ | 18/16 | 4/15-16 തീയ്യതി- 22-2-16 | 6,00,000 |
| | | 5/15-16 തീയ്യതി- 30-3-16 | 9,00,000 |
| ആകെ | | | 15,00,000 |

മേൽ പദ്ധതിക്കായി 75 ഗുണഭോക്താക്കൾക്കായി 20,000/- രൂപ വീതം ആകെ 15,00,000/- രൂപയുടെ ചെലവ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

എന്നാൽ 74 പേർക്ക് മാത്രമേ നാളിതുവരെയായി ആനുകൂല്യം നൽകിയിട്ടുള്ളൂ. ശ്രീ മോഹനൻ, കല്ലിങ്കൽപാടം എന്ന ഗുണഭോക്താവിന് അർഹമായ 20,000/- രൂപ ഇതുവരെയും നൽകിയിട്ടില്ല. ടി തുക എത്രയും പെട്ടെന്ന് വിതരണം ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇത് സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-5 ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ച പദ്ധതി

## പണം - കൈമാറുന്നതിൽ കാലതാമസം

| പ്രൊജക്ടിന്റെ പേര് | നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|---|
| മേൽക്കൂര മാറ്റി പുതിയ മേൽക്കൂര വയ്ക്കൽ | 18/16 | 4/22-2-16 | 6,00,000 |
| | | 5/30-3-16 | 9,00,000 |
| ആകെ | | | 15,00,000 |

2015-16 വർഷത്തിൽ ടി പദ്ധതി ഇനത്തിൽ 75 ഗുണഭോക്താക്കൾക്കായി 20,000/- രൂപ വച്ച് നൽകാനായി 15,00,000/- രൂപ മേൽ സൂചിപ്പിച്ച തീയ്യതികളിൽ ട്രഷറിയിൽ നിന്നും പിൻവലിക്കുകയും അത് വി.ഇ.ഒ യുടെ പേരിലുള്ള എസ്.ബി അക്കൗണ്ട് നമ്പർ 12133 (Corporation Bank,Kannambra) നിക്ഷേപിച്ചിട്ടുമുണ്ട്. ടി തുകകൾ ഗുണഭോക്താക്കൾക്ക് കൈമാറുന്നതിൽ വ്യാപകമായ കാലതാമസം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ട്രഷറിയിൽ നിന്നും പിൻവലിച്ച തുക,തീയ്യതി | ഗുണഭോക്താക്കൾക്ക് കൈമാറിയ തുക | തീയ്യതി |
|---|---|---|
| 6,00,000/22-2-16 | 3,40,000 | 10-3-16 |
| | 80,000 | 14-3-16 |
| | 1,00,000 | 4-4-16 |
| 9,00,000/-30-3-16 | 7,20,000 | 13-4-16 |
| | 20,000 | 27-4-16 |
| | 80,000 | 27-5-16- |
| | 40,000 | 7-6-16 |
| | 60,000 | 16-8-16 |
| | 40,000 | 1-9-16 |
| ആകെ- 15,00,000 | 14,80,000 | |

പദ്ധതി തുകകൾ ട്രഷറിയിൽ നിന്നും പിൻവലിച്ചാൽ അത് ഉടൻ തന്നെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യേണ്ടതാണ്. ആവശ്യാനുസരണമല്ലാതെ ഇത്തരത്തിൽ പദ്ധതിപണം ട്രഷറിയിൽ നിന്നും പിൻവലിച്ച് ദീർഘകാലം ബാങ്കിൽ നിക്ഷേപിക്കുന്നത് നിയമ വിരുദ്ധമാണ്.

## 3-6 ആശ്രയ - പദ്ധതി നടത്തിപ്പിനായി സി.ഡി.എസിന് കൈമാറിയ തുക ചെലവാക്കിയിട്ടില്ല.

ആശ്രയ സഹായ പദ്ധതിയിൽ പെട്ട 3 പ്രൊജക്ടുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് 8,68,120/- രൂപ സെക്രട്ടറി, സി.ഡി.എസ് കണ്ണമ്പ്രക്ക് നൽകിയിട്ടുണ്ട്. (കോർപ്പറേഷൻ ബാങ്ക്,കണ്ണമ്പ്ര A/No 8122) എന്നാൽ ടി തുക നാളിതുവരെയും സി.ഡി.എസ് ചെലവഴിക്കുകയോ ആശ്രയ

ഗുണഭോക്താക്കൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയോ ചെയ്തിട്ടില്ല. ആവശ്യാനുസരണം മാത്രമേ പദ്ധതിപണം ട്രഷറിയിൽ നിന്നും പിൻവലിക്കാൻ പാടുള്ളു. ആവശ്യാനുസരണമല്ലാതെ ഇത്തരത്തിരൽ പദ്ധതിപണം ട്രഷറിയിൽ നിന്നും പിൻവലിച്ച് ദീർഘകാലം ബാങ്കിൽ നിക്ഷേപിക്കുന്നത് സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമാണ്. പദ്ധതിപ്രവർത്തനത്തിന് ടി പണം ഉപയോഗിക്കാത്തപക്ഷം അത് സർക്കാറിന്റെ സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര് | നമ്പർ | ബിൽ നമ്പർ | സി.ഡി.എസിന് കൈമാറിയ തുക, | ഡി.ഡി നമ്പർ,തീയ്യതി |
|---|---|---|---|---|---|
| 1 | ആശ്രയ എസ് സി പി | 11/16 | 7//18-2-16 | 3,00,000 | 450204/20-2-16 |
| 2 | ആശ്രയ എസ് സി പി | 67/16 | 8//18-2-16 | 2,50,000 | 450205/20-2-16 |
| 3 | ആശ്രയ ജനറൽ | 68/16 | 9//18-2-16<br>22//131-3-16 | 3,18,120 | 450203/20-2-16<br>852481/2-4-16 |
| | ആകെ | | | 8,68,120 | |

ആശ്രയ – പദ്ധതി വി.ഇ.ഒ യുടെ അക്കൗണ്ടിലേക്ക് മാറിയ തുകയും ചെലവഴിക്കാതെ കിടക്കുന്നുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ടിന്റെ പേര് | നമ്പർ | ബിൽ നമ്പർ | തുക |
|---|---|---|---|
| ആശ്രയ ജനറൽ | 68/16 | 8/15-16/30-3-16<br>9/15-16/30-3-16 | 1,81,880 |

# 3-7 ആശ്രയ പദ്ധതി-പ്രവർത്തനം കാര്യക്ഷമമല്ല.

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കുകയും വേണം.

കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് ആശ്രയ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ സംക്ഷിപ്തവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ആവശ്യമുള്ളത്<br>1 & 2 പ്രൊജക്റ്റ് | ലഭ്യമാക്കിയത് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | വീട് | 65,19 | 51,0 |
| 2 | ഭൂമി | 32,8 | 11,0 |
| 3 | വീട് റിപ്പയർ | 33,24 | 21,0 |
| 4 | കുടിവെള്ളം | 0,0 | 0,0 |
| 5 | കക്കൂസ് | 24,0 | 24,0 |
| 6 | കറണ്ട് | 24,0 | 24,0 |

മേൽ പട്ടിക പരിശോധിക്കുമ്പോൾ ടി പദ്ധതിയുടെ ഒന്നാംഘട്ടത്തിലെ 178 ഗുണഭോക്താക്കളിൽ 131 പേർക്ക് മാത്രമാണ് ആനുകൂല്യം ലഭിച്ചിട്ടുള്ളത്. രണ്ടാം ഘട്ട പദ്ധതിയാകട്ടെ ആരംഭിച്ചിട്ടുമില്ല. പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ ആശ്രയാ ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റപ്പെടാതിരിക്കുമ്പോൾ സാമൂഹ്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യം കൈവരിക്കപ്പെടാതെ പോവുന്നു. ആയതിനാൽ പദ്ധതി പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 കുടുംബശ്രീ യൂനിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട്.തുക വിതരണം ചെയ്തിട്ടില്ല.

കുടുംബശ്രീ തൊഴിൽ സംരംഭങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് തുടങ്ങുന്നതിലേക്കായി 2,00,000/-രൂപ സെക്രട്ടറി, സി.ഡി.എസ് കണ്ണമ്പ്രക്ക് കൈമാറിയിട്ടുണ്ട്(കോർപ്പറേഷൻ ബാങ്ക്,കണ്ണമ്പ്ര A/No 8122). ടി തുക നാളിതുവരെയും അതാത് കുടുംബശ്രീ യൂനിറ്റുകൾക്ക് വിതരണം ചെയ്തിട്ടില്ല. ഇത് ഉപയോഗിക്കാത്തപക്ഷം സഞ്ചിതനിധിയിലേക്ക് തിരിച്ചടക്കേണ്ടതാണ്.

| ക്രമ നമ്പർ | പ്രൊജക്ടിന്റെ പേര് | നമ്പർ | ബിൽ നമ്പർ | സി.ഡി.എസിന് കൈമാറിയ തുക, | ഡി.ഡി നമ്പർ,തീയ്യതി |
|---|---|---|---|---|---|
| 1 | കുടുംബശ്രീ യൂനിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് | 121/16 | 5/28-1-16<br>9/18-2-16 | 1,56,933<br>43,067 | 5941/28-1-16<br>450202/20-2-16 |

2004-05 വർഷം തൊട്ട് ചെലവഴിക്കാതെ അവശേഷിക്കുന്ന പദ്ധതി വിഹിതമായ 7,36,562/-രൂപയും ടി അക്കൗണ്ടിൽ ഉപയോഗിക്കാതെ കിടക്കുന്നുണ്ട്. ആശ്രയ പദ്ധതി പ്രവർത്തനങ്ങളിലേക്കായി ഈ തുക ഉപയോഗിക്കാനുള്ള അനുമതിക്കായി എ2/5970/2015 തീയ്യതി 11-1-2016 കത്ത് പ്രകാരം തദ്ദേശവകുപ്പ് സെക്രട്ടറിക്ക് അപേക്ഷനൽകുകയും ചെയ്തിട്ടുണ്ട്. ഇതിന് അനുമതി ലഭിച്ചില്ലെങ്കിൽ ടി തുകയും തിരിച്ചടക്കേണ്ടതാണ്.

## 3-9 കുഴൽക്കിണറുകൾക്കു പകരം തുറന്ന കിണറിന്റെ സാധ്യത പരിശോധിക്കണം.

കുടിവെള്ള പദ്ധതികൾക്കായുള്ള കുഴൽക്കിണറുകൾ വെള്ളം കിട്ടാതെ ഉപേക്ഷിക്കപ്പെടുകയും കേടായ മോട്ടോറുകൾ തിരിച്ചെടുക്കാനാവാത്തതിനാൽ കുഴൽ കിണറുകൾ തന്നെ ഉപേക്ഷിക്കപ്പെടുകയും

ചെയ്യുന്ന സാഹചര്യത്തിൽ കുടിവെള്ള പദ്ധതികൾക്കായി തുറന്ന കിണറുകൾ നിർമ്മിക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

ഗ്രാമപ്പഞ്ചായത്ത് തൻ വർഷം 20 കുടിവെള്ള പദ്ധതികൾ രൂ:5,212,532/- ചെലവഴിച്ച് നടപ്പാക്കിയിട്ടുണ്ട്. ഇതിൽ രു:236,400/- മൂന്ന് കുടിവെള്ള കിണറുകൾ (തുറന്ന കിണറുകൾ) പുനരുദ്ധരിക്കുന്നതിനായി ചെലവഴിച്ചതാണ്. പുനരുദ്ധരിച്ച കുടിവെള്ള കിണറുകളൊന്നും തന്നെ കുടിവെള്ള വിതരണത്തിനായി ഉപയോഗപ്പെടുത്തുന്നില്ല. ഇവയിലെല്ലാം ആവശ്യത്തിന് കുടിവെള്ളം ഉണ്ട്.

തൻവർഷം 113/16:കല്ലിങ്കൽപ്പാടം അച്ചൻപടി കുടിവെള്ള പദ്ധതി രൂ:221,983/- (ബിൽ നം.37/01.12.15) ചെലവഴിച്ച് നടപ്പാക്കിയെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇവിടെ നേരത്തെയുണ്ടായിരുന്ന കുടിവെള്ള പദ്ധതിയുടെ മോട്ടോർ കേടുവന്നതിനാൽ മോട്ടോർ തിരിച്ചെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിലാണ് പുതിയ കുഴൽകിണർ നിർമ്മിച്ചത്. എന്നാൽ നാളിതുവരെ ഈ പദ്ധതിയിൽ നിന്നും ജലവിതരണം നടത്താൻ സാധിക്കുന്നില്ല.

രൂ:201,250/- (ബിൽ നം:72/31.03.16) ചെലവഴിച്ച് നടപ്പാക്കിയ 98/16:കാരയങ്കാട് കുടിവെള്ള പദ്ധതി പുനരുദ്ധാരണം എന്ന പ്രോജക്ട് പ്രകാരം രണ്ട് കുഴൽ കിണറുകൾ നിർമ്മിച്ചിരുന്നെങ്കിലും രണ്ടിലും വെള്ളം കിട്ടാത്തതിനാൽ പദ്ധതി ഉപേക്ഷിക്കേണ്ടി വന്നു.

കണ്ണമ്പ്ര ഗ്രാമപ്പഞ്ചായത്തിലെ ഭൂരിഭാഗം പ്രദേശങ്ങളിലും തുറന്ന കിണറുകളിൽ ആവശ്യത്തിന് വെള്ളം കിട്ടുകയും കുഴൽക്കിണറുകൾ രണ്ടോ മൂന്നോ വർഷം കൊണ്ട് പമ്പ് സെറ്റ് കേടായി അത് തിരിച്ചെടുക്കാൻ സാധിക്കാതെ കുഴൽ കിണറുകളോടെ ഉപേക്ഷിക്കേണ്ടി വരികയും, പുതിയ പദ്ധതികൾക്കായി ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കുഴിക്കുന്ന കുഴൽകിണറുകൾ ഒന്നിലധികം പ്രാവശ്യം വെള്ളം കിട്ടാതെ പരാജയപ്പെടുകയും ചെയ്യുന്ന സാഹചര്യത്തിൽ, കുടിവെള്ള സ്രോതസുകളായി തുറന്ന കിണറുകൾ നിർമ്മിക്കുന്നതിനുള്ള സാധ്യത അന്വേഷിക്കേണ്ടതാണ്.

## 3-10 <u>കല്ലിങ്കൽപ്പാടം അച്ചൻപടി കുടിവെള്ള പദ്ധതി ഉപയോഗപ്രദമായില്ല- ചെലവു തുക തടസപ്പെടുത്തുന്നു:</u>

113/16:കല്ലിങ്കൽപ്പാടം അച്ചൻപടി കുടിവെള്ള പദ്ധതി രൂ:221,963/- (ബിൽ നം.37/01.12.15) ചെലവഴിച്ച് നടപ്പാക്കിയെങ്കിലും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇവിടെ നേരത്തെയുണ്ടായിരുന്ന കുടിവെള്ള പദ്ധതിയുടെ കംപ്രസ്സർ മോട്ടോർ മാറ്റി 5HP സബ്മേർസിബിൾ സ്ഥാപിക്കാനും, RRമേർസനറിയിൽ തറ കെട്ടി അതിൻമേൽ PVC ടാങ്ക് സ്ഥാപിക്കാനും വേണ്ടി രൂ:141,139/- വകയിരുത്തി 2014-15ൽ ആവിഷ്കരിച്ച പദ്ധതിക്കായി 14-15വർഷം ചെലവു നടന്നിരുന്നില്ല. കംപ്രസർ മോട്ടോർ കുഴൽകിണറിൽ നിന്നും എടുക്കാൻ ശ്രമിച്ചപ്പോൾ കംപ്രസർ എടുക്കാൻ സാധിക്കാതെ വരികയും കുഴൽകിണറും കംപ്രസറും ഉപേക്ഷിക്കേണ്ട സാഹചര്യം ഉണ്ടായപ്പോൾ എസ്റ്റിമേറ്റ് പുതുക്കി 2015-16 വർഷം സ്പിൽ ഓവറായി പദ്ധതി നടപ്പാക്കുകയുമാണുണ്ടായത്. എസ്റ്റിമേറ്റ് പുതുക്കുമ്പോൾ RR masonaryയും വാട്ടർ ടാങ്കും ഉപേക്ഷിച്ചു. പകരം പുതിയ കുഴൽക്കിണറും 7.5HP സബ്മേർസിബിൾ പമ്പ്സെറ്റും ഉൾപ്പെടുത്തി. ചെലവു തുകയുടെ വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | തുക |
|---|---|---|

| | | |
|---|---|---|
| 1 | 150mm വ്യാസമുള്ള കുഴൽ കിണർ നിർമ്മിക്കൽ - 127m @Rs.600 | 76200 |
| 2 | 180mm വ്യാസമുള്ള കേസിങ്ങ് പൈപ്പാ സ്ഥാപിക്കൽ - 15m@650 | 9750 |
| 3 | 7.5HP സബ്മേർസിബിൾ പമ്പ് സെറ്റ് സ്ഥാപിക്കൽ - 7.5HP @Rs.18135 | 136013 |
| | ആകെ | 221963 |

രു:221963/- മുടക്കി കുഴൽകിണറും പമ്പ് സെറ്റും ഒരുക്കിയെങ്കിലും ഈ പദ്ധതിയിൽ നിന്നും നാളിതുവരെ ജലവിതരണം ആരംഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവഴിച്ച രു:221963/- തടസത്തിൽ വെക്കുന്നു. വാട്ടർ ടാങ്കും പൈപ്പ് ലൈനും സ്ഥാപിച്ച് ജലവിതരണം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

## 3-11 വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുന്ന പദ്ധതികൾ വനിതകളുടെ സാമൂഹിക-സാമ്പത്തിക പദവി ഉയർത്തുന്നതിന് ഉതകുന്നതാകണം.

പഞ്ചായത്ത് ഓഫീസിൽ ലേഡി ഫ്രണ്ട്ലി ടോയ്‌ലറ്റ് (പ്രോജക്ട് നം.110/16) എന്ന പ്രോജക്ട് വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയപ്പോൾ പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല. പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ രണ്ട് മുറികളുള്ള ഒരു ടോയ്‌ലറ്റ് ബ്ലോക്കും, മൈതാനത്ത് ഒരു ടോയ്‌ലറ്റും ഒരു ഡ്രസ്സിങ്ങ് റൂമും ഉൾപ്പെട്ട ബ്ലോക്കും ആണ് നിർമ്മിച്ചിരിക്കുന്നത്. ഇതിൽ ഓഫീസ് കോമ്പൗണ്ടിലെ ടോയ്‌ലറ്റ് ബ്ലോക്കിലെ ഒരു മുറി മാത്രമാണ് സ്ത്രീകൾക്ക് മാത്രമായി നിക്കിവെച്ചിരിക്കുന്നത്.

സർക്കാർ ഉത്തരവ് (എം.എസ്)നം:362/13/ത.സ്വ.ഭ.വ തീയതി:16.11.13 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ (ഖണ്ഡിക 9.2(ii), അനുബന്ധം 2 ഖണ്ഡിക 4) പ്രകാരം വനിതാ ഘടക പദ്ധതിക്കായി വികസന ഫണ്ടിന്റെ (ലോക ബാങ്ക് ധനസഹായം ഒഴികെ) 10% വകയിരുത്തണം. വനിതാഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത് സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്തുന്നതിനുതകുന്ന പദ്ധതികളാണ്. സ്ത്രീകൾ ധാരാളമായി എത്തുന്നയിടങ്ങളിൽ സ്ത്രീകൾക്കു മാത്രമായി മൂത്രപ്പുരകളും കക്കൂസുകളും നിർമ്മിക്കാവുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ പ്രോജക്ട് സ്ത്രീകൾക്കു മാത്രമായി ഉപയോഗപ്പെടും വിധം നിർമ്മിച്ചതല്ല. ഇത്തരം പ്രോജക്ടുകൾ പൊതുവിഭാഗത്തിൽ ഉൾപ്പെടുത്തി നടപ്പാക്കേണ്ടവയാണ്. പ്രത്യേക പരിഗണന അർഹിക്കുന്നവർക്കുള്ള പദ്ധതികൾ നടപ്പാക്കുമ്പോൾ പദ്ധതി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 പഞ്ചായത്ത് ഓഫീസ് നവീകരണം- കെട്ടിട നിർമ്മാണം പൂർത്തീകരിക്കണം.

119/16: പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രോജക്ടിൽ രണ്ട് കാര്യങ്ങളാണ് ലക്ഷ്യമിട്ടിരുന്നത്.

1. ഓഫീസ് ഹാൾ നവീകരണം. ഫർണ്ണീച്ചർ സ്ഥാപിക്കലും ടൈലിടലും.
2. ഫ്രണ്ട് ഓഫീസിനു മുകളിൽ ഒന്നാം നില പണിയൽ.

3. ഓഫീസ് ഹാൾ ഇലക്ട്രിഫിക്കേഷൻ. (ലോക്കൽ ഏരിയാ നെറ്റ് വർക്ക് സ്ഥാപിക്കൽ).

20,00,000/- രൂപ (പദ്ധതി ഫണ്ട് (ജനറൽ) :18,45,030 + തനത് ഫണ്ട് :154,970/-) വകയിരുത്തി ആവിഷ്കരിച്ച പ്രോജക്ടിന്റെ എസ്റ്റിമേറ്റ് ഗ്രാമപ്പഞ്ചായത്ത് കമ്മറ്റിയുടെ 25.01.2015ലെ 1(10) നം.തീരുമാന പ്രകാരം റിവൈസ് ചെയ്യുകയും ചില പുതിയയിനങ്ങൾ ഉൾപ്പെടുത്തി ഒന്നാം നിലയുടെ ഫിനിഷിങ് വർക്കുകൾ ഒഴിവാക്കുകയും ചെയ്തു. പുതുക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും പുതുതായി നിർമ്മിച്ച ഒന്നാം നില structure മാത്രം നിർമ്മിച്ച് നിർത്തിയിരിക്കുന്ന നിലയിലാണ്.

സർക്കാർ ഉത്തരവ് നം: 362/2013/ത.സ്വ.ഭ.വ. തീയതി 16.11.2013 ഖണ്ഡിക 11.13(XIV(സി) പ്രകാരം ഒരു കെട്ടിട നിർമ്മാണ പ്രോജക്ട് തയ്യാറാക്കുമ്പോൾ, ആ കെട്ടിടം ഉപയോഗിക്കാൻ കഴിയണമെങ്കിൽ എന്തെല്ലാം പ്രവത്തികൾ ചെയ്യണമോ, അതെല്ലാം പ്രോജക്ടിൽ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കണം. കെട്ടിടത്തിന്റെ ഭാഗികമായ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ പാടില്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. തുകയുടെ പരിമിതിയുണ്ടെങ്കിൽ ബഹുവർഷ പ്രോജക്ടായി ഏറ്റെടുക്കണമെന്നും നിർദ്ദേശിക്കുന്നു. രണ്ടു വർഷത്തിൽ അധികം എടുത്ത് പൂർത്തിയാക്കുന്ന പദ്ധതികൾ ഇടക്കുവെച്ച് നിർത്തിവെക്കാത്ത രീതിയിൽ ആദ്യ വർഷം തന്നെ ടെണ്ടർ ചെയ്യാവുന്നതാണെന്ന് മേൽ ഉത്തരവിന്റെ അനുബന്ധം-16 ഖണ്ഡിക 7.11(iv)ൽ പറയുന്നു. എന്നാൽ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഈ നിർദ്ദേശം പാലിച്ചിരുന്നില്ല.

കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. നിർമ്മാണ മേഖലയിൽ പദ്ധതി ആവിഷ്കരിക്കുമ്പോൾ 1997ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ്) ചട്ടങ്ങളും പദ്ധതി മാർഗ നിർദ്ദേശങ്ങളും പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-13 എഞ്ചിനീയറിങ് വിഭാഗം- ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

കണ്ണമ്പ്ര - പുതുക്കോട് പഞ്ചായത്തുകൾ ഉൾപ്പെട്ട എൽ.എസ്.ജി.ഡി. എഞ്ചിനീയറിങ് വിഭാഗത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ, 3 ഓവർസിയർ, ക്ലാർക്ക് എന്നിങ്ങനെയാണ് പോസ്റ്റ് അനുവദിച്ചത്. എന്നാൽ 3 ഓവർസിയർമാരിൽ ഒരാൾ മാത്രമേ നിലവിൽ ഹാജരുള്ളൂ. രണ്ട് ഒഴിവുകൾ നാളുകളായി നികത്തപ്പെടാതെ കിടക്കുകയാണ്. ഓരോ പഞ്ചായത്തിലും 100 ഓളം പ്രോജക്ടുകൾ നടപ്പാക്കണമെന്നിരിക്കെ പോസ്റ്റുകൾ ഒഴിവുവരുന്ന മുറക്കുതന്നെ നികത്തപ്പെടുകയാണെങ്കിൽ മാത്രമേ നിർവ്വഹണം സുഗമമായി നടക്കുകയുള്ളൂ.

ഇക്കാര്യം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി ഉദ്യോഗസ്ഥരെ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി -അവലോകനം

2005ൽ നിലവിൽ വന്ന ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 2006-07 സാമ്പത്തിക വർഷം മുതൽ പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്നു. ഗ്രാമീണ മേഖലയിൽ തൊഴിലെടുക്കാൻ സന്നദ്ധരായ വിദഗ്ധ തൊഴിലാളികൾ ഉള്ള ഒരു കുടുംബത്തിന് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100

ദിവസമെങ്കിലും തൊഴിൽ ലഭ്യമാക്കി അവരുടെ ജീവിത നിലവാരം ഉയർത്തുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യം. ഈടു നിൽക്കുന്ന ആസ്തികളുടെ രൂപീകരണവും ഗ്രാമീണ ദരിദ്രരുടെ ജീവിതോപാധികൾ ശക്തിപ്പെടുത്തൽ എന്നതുമാണ് സ്കീമിന്റെ പ്രധാന ലക്ഷ്യം. വിവിധ വർഷങ്ങളിലെ പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | വിശദാംശം | 2015-16 വർഷം |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3431 |
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3431 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 103 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 33200000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണ | 89 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 73 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | 0 |
| 8 | തൻവർഷത്തെ വരവ് ( പലിശ ഉൾപ്പെടെ) | 18228996.6 |
| 9 | തൻവർഷത്തെ ചെലവ് (ബാങ്ക് ചാർജ്ജ് ഉൾപ്പെടെ) | 18227496.73 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2619 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2619 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 73 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്?<br>തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | 0 |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | ഇല്ല |
| 15 | തൊഴിൽ സ്ഥലങ്ങളിൽ പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ബോർഡ് | ഉണ്ട് |
| 16 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം) | ഇല്ല |
| 17 | സോഷ്യൽ ഓഡിറ്റ് നടന്ന മാസം | Dec 2015<br>July 2015 |
| 18 | പരാതി രജിസ്റ്ററിന്റെ വിവരം | ഉണ്ട് |
| 19 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 6 |

നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം

| ക്രമനം. | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | 2011-12 വർഷം | |
|---|---|---|---|
| | | നടപ്പിലാക്കിയ പദ്ധതികളുടെഎണ്ണം | ചെലവഴിച്ച തുക |
| 1 | മണ്ണ്-ജല സംരക്ഷണം | 0 | 0 |

| | | | |
|---|---|---|---|
| 2 | വരൾച്ച തടയൽ, വനവത്കരണം | 1 | 4200 |
| 3 | ചെറുകിട ജലസേചനം | 24 | 4363006 |
| 4 | പട്ടികജാതി-പട്ടിക വർഗ്ഗക്കാർ തുടങ്ങിയവരുടെ ഭൂമിയിൽ ജല സംരക്ഷണം, ഭൂവികസനം | 51 | 11152949 |
| 5 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 10 | 1683075 |
| 6 | ഭൂവികസനം | 0 | 0 |
| 7 | വെള്ളപ്പൊക്ക നിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 0 | 0 |
| 8 | വീട്ടു നിർമ്മാണം - ഐ.എ.വൈ | 16 | 480938 |
| | ആകെ | | 17684168 |
| | മറ്റു ചെലവുകൾ | | 543329 |
| | ആകെ മൊത്തം | | 18227497 |

അവലോകനം

വിവിധ വർഷങ്ങളിലെ പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിന്മേലുള്ള സംക്ഷിപ്ത വിവരം താഴെ ചേർക്കുന്നു.

| ക്രമനം. | | 2015-16 വർഷം |
|---|---|---|
| 1 | ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക | 33200000 |
| | ചെലവഴിച്ച തുക | 17684168 |
| | ശതമാനം | 53.27% |
| 2 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3431 |
| | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2407 |
| | ശതമാനം | 70.15% |
| 3 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 70 |
| 4 | തൻവർഷം സൃഷ്ടിച്ച ആസ്തികൾ | 0 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കൃഷി ഭവൻ | 2015-16 | നെൽകൃഷിക്ക് കൂലിചെലവ് - 12/2015-16 | 342000 | 342000 | 0 |
| കൃഷി ഭവൻ | 2015-16 | നെൽകൃഷിക്ക് | 57000 | 57000 | 0 |

| | | | | | |
|---|---|---|---|---|---|
| | | കൂലിചെലവ് -12/2015-16 | | | |
| ഐ.സി.ഡി.എസ്, ആലത്തൂർ (അഡിഷണൽ) | 2015-16 | അംഗൺവാടി പോഷകാഹാര പദ്ധതി - 22/2015-16 | 807210 | 506828 | 300382 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയ്ൻ വലിക്കൽ | 21500448, 31.08.2015 | 473277 | 473277 | 0 |
| KSEB | കല്ലിങ്കൽ പാടം കുളത്തിങ്കൽ റോഡ് ത്രീ ഫേസ് ലൈൻ വലിക്കൽ | 21501116, 29.03.2016 | 25900 | 25900 | 0 |
| KSEB | കാരപ്പൊറ്റ എഴുത്തച്ഛൻ തറ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21500464, 03.09.2015 | 37978 | 37978 | 0 |
| ജില്ലാ പ്രോഗ്രാം മാനേജർ (NRHM) | കല്ലേരി സബ്സെന്റർ നിർമ്മാണം (പഞ്ചായത്ത് വിഹിതം നൽകൽ) | 21500445/31.08.15 | 260000 | 0 | 260000 |
| ജില്ലാ മിഷൻ കോഡിനേറ്റർ, കുടുംബശ്രീ മിഷൻ, പാലക്കാട് | മീഡിയ ശ്രീ | 21500543/ 30.09.15 & 21500544/30.09.15 | 65000 | 0 | 65000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവൊന്നുമില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | പലിശ | മുതൽ | |
| ഇ.എം.എസ് ഭവന വായ്പ തിരിച്ചടവ് | സ.ഉ (എസ്.എ) നം 532/2010 /തസ്വഭവ, 18.02.2010 | 8035000 | 3565554 | 259931 | 900000 | 2665554 |

# 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | ഇല്ല |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| *വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം* | ഇല്ല |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : ₹. 62128177/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : ₹. 52053132/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഒന്നുമില്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഒന്നുമില്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഒന്നുമില്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ബാധകമല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 221963 | ശ്രീ. വിനോദ്.ഇ.കെ<br>അസി. എഞ്ചിനീയർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബാധകമല്ല | | |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | LFP7/745/99/ 27.10.99 |
| 1997-98 | LFP9/421/99/ 5.4.2000 |
| 1999-2000 മുതൽ<br>01-02 വരെ (പ്ലാൻ) | LFP10/294/04/ 28.10.2004 |
| 1999-2000 | LFP10/187/5/ 15.9.2006 |
| 2000-01 (പ്ലാൻ ഒഴികെ) | LFP10/8/7/ 21.6.07 |
| 2001-02 (പ്ലാൻ ഒഴികെ) | LFP10/9/7/ 21.6.07 |
| 2002-03 | LFP10/10/7/ 21.8.07 |
| 2003-04 | LFP10/11/7/ 21.8.07 |
| 2004-05 | LFP10/538/10/ 28.1.11/5.4.11 |
| 2005-06 | LFP10/539/10/ 28.1.11/5.4.11 |

| | |
|---|---|
| 2006-07 | LFP10/540/10/ 28.1.11/5.4.11 |
| 2007-08 | LFP10/541/10/ 28.1.11/5.4.11 |
| 2008-09 | LFP10/542/10/ 28.1.11/5.4.11 |
| 2009-10 &<br>2010-11 | LFP10/1920/12/ 16.11.12 |
| 2011-12 | LFP10/1788/14/ 2.12.14 |
| 2012-13 | KSAPKD-10/1457/15 Dt |
| 2013-14 &<br>2014-15 | KSAPKD/10/1447/2016/10/08/2016 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ്,
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ-പികെഡി10/231//2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്
തീയതി – 28.01.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കണ്ണമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.
2. വസ്തു നികുതി ഡിമാന്റ് , രജിസ്റ്ററിലും വാർഷിക കണക്കിലും വ്യത്യസ്തമാണ്.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD10/231/2017

Kerala State Audit Department
District Audit Office
Palakkad
Date – 28.01.2017

Audit Certificate

Certified that I have audited the Annual Financial Statement of Kannambra Gramapanchayat in Palakkad District for the year ended on 31-3-2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kannambra Gramapanchayat for the year 2015-16 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

Abstract of Defects

1. Asset value not updated and linked with Sankhya.
2. The demand of Property Tax shown in Register and AFS are different.

Deputy Director